പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 835** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ഒല്ലൂർ നിയോജക മണ്ഡലത്തിലെ കാട്ടാനശല്യം പരിഹരിക്കുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** ഒല്ലൂർ നിയോജക മണ്ഡലത്തിലെ മാന്നാമംഗലം ഫോറസ്റ്റ് ഡിവിഷൻ, പട്ടിക്കാട് ഫോറസ്റ്റ് റേഞ്ച്, പീച്ചി വൈൽഡ്ലൈഫ് വിഭാഗങ്ങളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ രൂക്ഷമായ കാട്ടാനശല്യം നിലനിൽക്കുന്നതായും കാട്ടാനശല്യം നേരിടുന്ന പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകളിൽ ആവശ്യത്തിന് ഉദ്യോഗസ്ഥരില്ലാത്തതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്നമംഗലം, പട്ടിക്കാട്, പീച്ചി മേഖലയിലെ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവി പ്രശ്നം കുറയ്ക്കുന്നതിനു പട്ടിക്കാട് കേന്ദ്രീകരിച്ചു RRT രൂപീകരിച്ചിട്ടുണ്ട്. RRT യുടെ ചുമതല ഒരു ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിട്ടുള്ളതും രണ്ട് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതുമാണ്. കൂടുതൽ ജീവനക്കാരെ RRT യിൽ നിയമിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി കാട്ടാനകളുടെ സാന്നിദ്ധ്യം പതിവായി അനുഭവപ്പെടുന്ന ഹോട്ട്സ്പോട്ടുകളിൽ അഞ്ചുപേർ വീതമുള്ള സ്പെഷ്യൽ റിസർവ് ഫോഴ്സ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

**(ബി)** വനമേഖലയിൽ നിന്ന് ജനവാസ മേഖലകളിലേക്ക് കാട്ടാനകൾ കടന്നുവരുന്നതും കൃഷിയിടങ്ങളിലും നാട്ടുവഴികളിലും വീടുകളുടെ പരിസരങ്ങളിലും കാട്ടാനകളുടെ സാന്നിധ്യം ഉണ്ടാകുന്നതും മൂലം ജനങ്ങളുടെ ജീവനും സ്വത്തിനും നേരിടുന്ന ഭീഷണി പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** വനാതിർത്തിയിൽ സോളാർ ഇലക്ട്രിക് ഫെൻസ്, ആനക്കിടങ്ങ് എന്നിവ ജനവാസ മേഖലയിലേക്ക് ആന ഇറങ്ങുന്നത് തടയുന്നതിനായി നിർമ്മിച്ചിട്ടുണ്ട്. ഇതിനു പുറമെ ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതും വന്യമൃഗ പ്രശ്നം നേരിടുന്നതുമായ പുത്തൂർ, പാണഞ്ചേരി, മാടക്കത്തറ പഞ്ചായത്തുകളിലെ പ്രദേശവാസികളെ ഉൾപ്പെടുത്തി പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ ഇറങ്ങിയാൽ വനം വകുപ്പ് ജീവനക്കാർ എത്തുന്നതിനു മുൻപ് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനാണ് പി.ആർ.ടി രൂപീകരിച്ചിട്ടുള്ളത്. അവർക്ക് ആവശ്യമായ പ്രാഥമിക ട്രെയിനിങ് വകുപ്പ് നല്കിയിട്ടുണ്ട്. കൂടാതെ വന്യമൃഗ പ്രശ്നമുള്ള പ്രദേശത്ത് പ്രദേശവാസികളെ വാച്ചർമാരായി നിയോഗിച്ചിട്ടുണ്ട്. വനമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ജീവനക്കാർ സ്ഥിരമായി നൈറ്റ് പെട്രോളിങ് നടത്തി വരുന്നുണ്ട്. വന്യമൃഗങ്ങളെ പെട്ടെന്ന് കാണുന്നതിനു വേണ്ടി റോഡിന്റെ ഇരുവശങ്ങളും അടിക്കാടുകൾ വെട്ടി വിസ്ത ക്ലിയറൻസ് സമയാസമയം ചെയ്യുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിവിഷൻ എമർജൻസി ഓപ്പറേഷൻ സെന്റർ പട്ടിക്കാട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഡ്രോണുകൾ ഉപയോഗിച്ചുള്ള സർവൈലൻസും നടത്തുന്നുണ്ട്. 20 ക്യാമറ ട്രാപ്പുകൾ വിവിധ സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. വന്യമൃഗ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതികൾ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

**(സി)** നിലവിലുള്ള ഫെൻസിങ് സംവിധാനങ്ങൾ പൂർണമായി പ്രവർത്തനക്ഷമമാക്കുന്നതിനും തകരാറിലായ ഫെൻസിങ് പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ ഫണ്ടും സാങ്കേതിക സഹായവും ലഭ്യമാക്കുന്നതിനും, സ്വകാര്യ ഭൂമികളിൽ ഫെൻസിങ് സ്ഥാപിക്കാൻ തയ്യാറാകുന്ന വ്യക്തികൾക്കും കൂട്ടായ്മകൾക്കും സബ്സിഡി ഉൾപ്പെടെയുള്ള സഹായം നൽകുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** പട്ടിക്കാട് മാന്നാമംഗലം പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ഫെൻസുകൾ എല്ലാം നിലവിൽ പ്രവർത്തനക്ഷമമാണ്. കേടുപാടുകൾ സംഭവിക്കുന്ന ഫെൻസുകൾ യഥാസമയം റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നുണ്ട് ഇതിനായി ഫെൻസിംഗ് ടൂൾ റൂം മാന്നാമംഗലത്തും പട്ടിക്കാടും ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ സ്ഥലത്ത് ഫെൻസിംഗ് ചെയ്യുന്നതിന് ആനുകൂല്യം നൽകുന്നതിന് നിലവിൽ സംവിധാനമില്ല.

**(ഡി)** ഒല്ലൂർ മണ്ഡലത്തിലെ മനുഷ്യ–വന്യജീവി സംഘർഷം പരിഹരിക്കുന്നതിനായി വനം, റവന്യൂ, തദ്ദേശസ്വയംഭരണം, ദുരന്തനിവാരണം തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് സമഗ്രമായ ഫെൻസിങ് മാസ്റ്റർ പ്ലാനും ദീർഘകാല പ്രതിരോധ പദ്ധതിയും തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഒല്ലൂർ നിയോജക മണ്ഡലം ഉൾപ്പെടുന്ന തൃശ്ശൂർ-പീച്ചി മേഖലക്കായി ലാൻഡ്സ്കേപ്പ് ലെവലിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും, ആയത് നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നതുമാണ്. ഈ മാസ്റ്റർ പ്ലാനിൽ പ്രധാനമായും ഫെൻസിങ്, AI ക്യാമറ ഉപയോഗിച്ചുള്ള മുന്നറിയിപ്പ്,തുടങ്ങിയ നൂതനമായ പല സംവിധാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ഇ)** റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ അംഗബലം വർധിപ്പിക്കുന്നതിനും ആവശ്യമായ വാഹനങ്ങൾ, ആശയവിനിമയ സംവിധാനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>**

പട്ടിക്കാട് RRT യുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ നൂതന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജീവനക്കാരെ RRT യിൽ പുനർവിന്യസിക്കുന്നതിനും, വന്യമൃഗങ്ങളെ തുരത്തുന്നതിന് എ.ഐ. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഏർലി വാണിങ് സിസ്റ്റം സ്ഥാപിക്കുന്നതിനും, ജീവനക്കാരുടെ സുരക്ഷയ്ക്കായി 12 ബോർ പമ്പ് ആക്ഷൻ ഗൺ ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ കൂടുതലായി വാങ്ങുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

**(എഫ്)** പ്രദേശവാസികളുടെ പങ്കാളിത്തത്തോടെ പ്രാദേശിക റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് ആവശ്യമായ പരിശീലനവും ഉപകരണങ്ങളും നൽകുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

**<u>മറുപടി:</u>** പരിശോധിച്ചിട്ടുണ്ട്. ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പുത്തൂർ പഞ്ചായത്തിൽ 21 പേർ അടങ്ങുന്ന രണ്ട് പി.ആർ.ടി യും, പാണഞ്ചേരി പഞ്ചായത്തിൽ 33 പേർ ഉൾപ്പെടുന്ന മൂന്ന് പി.ആർ.ടി. കളും, മാടക്കത്തറ പഞ്ചായത്തിൽ 22 പേർ ഉൾപ്പെടുന്ന രണ്ട് പി.ആർ.ടി. കളും ആരംഭിച്ചിട്ടുണ്ട്. അവർക്കെല്ലാവർക്കും ട്രെയിനിങ് നൽകിയിട്ടുള്ളതും, യൂണിഫോം വിതരണം ചെയ്തിട്ടുള്ളതുമാണ്. പി.ആർ.ടി. കളെ ശാക്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമേ അഞ്ചുപേർ അടങ്ങുന്ന രണ്ട് റിസർവ് ഫോഴ്സുകളും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**